**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3520** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ അപേക്ഷകളിന്മേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമി തരം മാറ്റുന്നതിനായി ഓൺലൈനായും ഓഫ് ലൈനായും എത്ര അപേക്ഷകൾ ലഭിച്ചു; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (എ) | ഭൂമി തരം മാറ്റുന്നതിനായി ഓൺലൈനായും ഓഫ് ലൈനായും ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം A) |
| (ബി) | അവയിൽ എത്ര അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ആകെ ലഭിച്ച 6,19,789 അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളവയുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം B) |
| (സി) | ഫോം 5-ൽ അപേക്ഷ നല്കുമ്പോൾ അപ്പീലിന് സാധ്യത ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നിയമ ഭേദഗതി പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഫോറം 5 എന്നത് തന്നെ LLMC യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്കിലെ തെറ്റ് തിരുത്തുന്നതിനുള്ള അപേക്ഷയായി സമർപ്പിക്കപ്പെടുന്ന ഒന്നായതിനാൽ അതിനെ അപ്പീൽ അവസരമായി പരിഗണിക്കാവുന്നതാണ്.<br><br>കൂടാതെ, ഫാറം 5-ലുള്ള അപേക്ഷ പരിഗണിച്ച്, ചട്ടം (4 എഫ്) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിക്കുന്ന ഉത്തരവിൻമേൽ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച്, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ ചട്ടങ്ങളിലോ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ല എന്ന് കാണുന്നതിനാൽ, അപ്പീൽ നൽകുന്നതിനായുള്ള വ്യവസ്ഥ, നിയമത്തിലോ ചട്ടങ്ങളിലോ ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ജില്ല | ആകെ ലഭിച്ച ഓൺ ലൈൻ അപേക്ഷകൾ (07.02.2024 വരെ) | ആകെ ലഭിച്ച ഓഫ് ലൈൻ അപേക്ഷകൾ (07.02.2024 വരെ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 26550 | 18466 |
| 2 | കൊല്ലം | 26806 | 14264 |
| 3 | പത്തനംതിട്ട | 7445 | 6282 |
| 4 | ആലപ്പുഴ | 39288 | 28507 |
| 5 | കോട്ടയം | 15375 | 9235 |
| 6 | ഇടുക്കി | 5048 | 1832 |
| 7 | എറണാകുളം | 74387 | 38875 |
| 8 | തൃശ്ശൂർ | 47885 | 19292 |
| 9 | പാലക്കാട് | 35091 | 16618 |
| 10 | മലപ്പുറം | 34196 | 21144 |
| 11 | കോഴിക്കോട് | 42828 | 23986 |
| 12 | വയനാട് | 8299 | 3411 |
| 13 | കണ്ണൂർ | 21723 | 15470 |
| 14 | കാസർഗോഡ് | 7967 | 9519 |
| | **ആകെ** | **392888** | **226901** |

| ക്രമ നമ്പർ | ജില്ല | നടപടികൾ പൂർത്തിയാക്കിയ ഓൺ ലൈൻ അപേക്ഷകൾ (07.02.2024 വരെ) | നടപടികൾ പൂർത്തിയാക്കിയ ഓഫ് ലൈൻ അപേക്ഷകൾ (07.02.2024 വരെ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 11590 | 18381 |
| 2 | കൊല്ലം | 8825 | 14115 |
| 3 | പത്തനംതിട്ട | 3540 | 6208 |
| 4 | ആലപ്പുഴ | 10978 | 28131 |
| 5 | കോട്ടയം | 8336 | 9060 |
| 6 | ഇടുക്കി | 2268 | 1832 |
| 7 | എറണാകുളം | 21221 | 36962 |
| 8 | തൃശ്ശൂർ | 18829 | 19239 |
| 9 | പാലക്കാട് | 15355 | 16525 |
| 10 | മലപ്പുറം | 9564 | 21091 |
| 11 | കോഴിക്കോട് | 14140 | 23604 |
| 12 | വയനാട് | 2506 | 3360 |
| 13 | കണ്ണൂർ | 11884 | 15398 |
| 14 | കാസർഗോഡ് | 3899 | 9335 |
| | **ആകെ** | **142935** | **223241** |